# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1800 01.11.2019 -ലെ മറുപടിയ്ക്ക്

## എം.ജി. സർവ്വകലാശാല ബി-ടെക് പരീക്ഷയിലെ മോഡറേഷൻ

ചോദ്യം

ശ്രീ. റോജി എം. ജോൺ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ.എസ്.ശബരീനാഥൻ

ഉത്തരം

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എം.ജി. സർവ്വകലാശാല നടത്തിയ ബി-ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം ജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷന് പുറമെ പരമാവധി അഞ്ച് മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എം.ജി. സർവ്വകലാശാല നടത്തിയ ബി-ടെക് പരീക്ഷകളിൽ പരാജയപ്പെട്ട എത്ര വിദ്യാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിച്ചു; ഇനി എത്ര അപേക്ഷകൾ പരിഗണിക്കുവാനുണ്ട്; | (ബി) | 17.10.2019 വരെ 119 വിദ്യാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിച്ചു. 69 വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണനയിലായിരുന്നു. |
| (സി) | ഈ ആനുകൂല്യം എന്നുമുതലുള്ള ബി-ടെക് പരീക്ഷകൾക്കാണ് ബാധകമാക്കിയിട്ടുള്ളത്; | (സി) | എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലും, നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു |

| | | | |
|---|---|---|---|
| | | | യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന സാഹചര്യവും പരിഗണിച്ച് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് പൊതുവായി ഒരു നയപരമായ തീരുമാനം എടുത്തിരുന്നു. |
| (ഡി) | എം.ജി. സർവ്വകലാശാല നടത്തിയ അദാലത്തിൽ വിദ്യാർത്ഥികൾക്ക് ഒരു മാർക്ക് കൂട്ടികൊടുക്കുവാൻ തീരുമാനം എടുത്തിരുന്നുവോ; അപ്രകാരം ഒരു തീരുമാനം എടുക്കുവാൻ അദാലത്തിന് നിയമപരമായി അധികാരമുണ്ടോ ; പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല; ബാധകമല്ല. |
| (ഇ) | അദാലത്ത് ഒരു മാർക്ക് കൂട്ടി നൽകുവാൻ എടുത്ത തീരുമാനം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയിൽ ഇരിക്കെ സിൻഡിക്കേറ്റ് ഔട്ട് ഓഫ് അജണ്ടയായി ഈ വിഷയം എടുത്ത് അഞ്ച് മാർക്ക് കൂട്ടികൊടുക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ബി.ടെകിന് പഠിക്കാനുള്ള 56 വിഷയങ്ങളിൽ ഒരു വിഷയത്തിനു മാത്രം '1' മാർക്ക് ഒരു വിദ്യാർത്ഥിക്ക് മോഡറേഷൻ നൽകി കോഴ്സ് വിജയിപ്പിക്കുന്നതിന് 21.02.2019-ന് ചേർന്ന സിൻഡിക്കേറ്റ് നിർവാഹക സമിതി യോഗം തീരുമാനമെടുത്തിരുന്നു. എന്നാൽ വിദ്യാർത്ഥിയുടെ അപേക്ഷയിൽ മോഡറേഷനോടൊപ്പം എൻ.എസ്.എസ് ഗ്രേസ് മാർക്കിന്റെ ആനുകൂല്യം കൂടി നൽകണമെന്നുള്ള ആവശ്യം കുടി ഉൾപ്പെട്ടിരുന്നതിനാൽ ഇത് റെഗുലേഷൻ അമെന്റ്മെന്റ് ആവശ്യമുള്ളതുകൊണ്ട് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണു ണ്ടായത്. എന്നാൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിച്ചും എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലും, നേരിയ മാർക്കിന്റെ കുറവുകൊ ണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി ചുരുങ്ങുന്ന വിദ്യാർഥികൾക്ക് മോഡറേഷൻ നൽകുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുന്നതിന് അക്കാദമിക് കൗൺസിലിന് പ്രത്യേകമായി അധികാരം നൽകിയിട്ടുള്ളതായി കാണാത്തതിനാൽ 30.04.2019-ൽ |

| | | | | |
|---|---|---|---|---|
| | | | | ചേർന്ന സിൻഡിക്കേറ്റ് യോഗം കാലിക്കറ്റ് സർവകലാശാല 2012 ജൂൺ 12-ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക്. വിദ്യാർഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത സിൻഡിക്കേറ്റ് തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല 2012-ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത തീരുമാനം എന്നിവ പരിഗണിച്ച്, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എ ടുത്തിരുന്നു. ഓരോ അപേക്ഷയും പ്രത്യേകം നമ്പറിട്ട് ഫയലാക്കി തീരുമാനമെടുക്കുന്നതിലെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാണ് ഈ വിഷയം പൊതുവായെടുത്ത് ഔട്ട് ഓഫ് അജണ്ടയായി സിൻഡിക്കേറ്റ് പരിഗണിച്ചത്. |

സെക്ഷൻ ഓഫീസർ.